**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **22-01-2021 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പാലക്കയം ആദിവാസി കോളനിയിലേക്ക് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ പാലക്കയം ആദിവാസി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയ കിറ്റ്കോ എന്ന കമ്പനി പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്നറിയിക്കുമോ; | (എ) | ഇല്ല. M/s JASS Associates പ്രവൃത്തി ചെയ്യാൻ തയ്യാറാകാതിരുന്നത് കാരണം നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കോൺട്രാക്ടറുമായുള്ള കരാർ വിച്ഛേദിച്ചു. |
| (ബി) | കിറ്റ്കോ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു പോയിട്ടുണ്ടെങ്കിൽ മറ്റേതെങ്കിലും ഏജൻസികളെ ടി പ്രവൃത്തി സർക്കാർ നിർദ്ദേശാനുസരണം ഏൽപ്പിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് മറ്റേതെങ്കിലും ഫണ്ട് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടിയ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് എന്നാണ് പ്രസ്തുത പ്രവൃത്തി ശിപാർശ ചെയ്ത് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | 23/10/2020 തീയതിയിലെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് പ്രൊപ്പോസൽ നിലമ്പൂർ പട്ടികവർഗ്ഗ വികസന ഓഫീസറുടെ 17/11/2020 തീയതിയിലെ കത്ത് മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇല്ല. കോർപ്പസ് ഫണ്ട് ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുകയുണ്ടായില്ല. |
| (ഇ) | ആദിവാസി കോളനിയിലേക്ക് പ്രാധാന്യമുള്ള ഈ റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി അനുയോജ്യമായ മറ്റേതെങ്കിലും ശീർഷകത്തിൽ നിന്നും തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ